## വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഞങ്ങൾ വാക്ക് ഔട്ട് നടത്തി പുറത്തുപോയപ്പോൾ എന്നെക്കുറിച്ച് വളരെ മോശമായ ചില പരാമർശങ്ങൾ നടത്തി. ഞാൻ സഭയിലില്ലാതിരുന്ന സമയത്ത് (...ബഹളം....) ദൗർഭാഗ്യകരമായ പരാമർശങ്ങളാണ് അദ്ദേഹം നടത്തിയത്. ഈ രണ്ടു മന്ത്രിമാർക്കെതിരായും (ഇന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരായും ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രിക്കെതിരായും) ഞാൻ വളരെ മോശമായി സംസാരിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് അങ്ങയോട് പറയാനുള്ളത് ആ രണ്ട് മന്ത്രിമാരുടെയും വിഷയത്തിൽ ഞാൻ നടത്തിയ വാക്ക് ഔട്ട് പ്രസംഗം അങ്ങ് പരിശോധിച്ച് (.....ബഹളം...)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്....അതിനുശേഷം പാർലമെന്റികാര്യ വകുപ്പുമന്ത്രി സംസാരിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാനെന്തെങ്കിലും ഒരു വാക്ക് അവരെ വ്യക്തിപരമായി അപമാനിക്കുന്ന തരത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ അങ്ങ് എന്നോട് സ്പീക്കർ എന്ന നിലയിൽ പറഞ്ഞാൽ ഞാനത് മാറ്റാം.

രണ്ട്, ഇവിടെ കഴിഞ്ഞദിവസം ഒരു മുൻമന്ത്രി കേരളത്തിലെ പ്രതിപക്ഷനേതാവ് കയ്യും കാലും തലയും വയറും വച്ചയാളാണെന്ന് പറഞ്ഞപ്പോൾ ഒരു പാർലമെന്ററി മര്യാദയും കാണിക്കാതെ ഈ മന്ത്രി അവിടെയിരുന്ന് ചിരിച്ചു. ഞാനൊന്നും പറഞ്ഞില്ല. ഞാനൊരു മറുപടിപോലും പറയാൻ പോയില്ല. കഴിഞ്ഞസഭയിൽ ഒരംഗം ഞാൻ കെ-റെയിൽ അട്ടിമറിക്കാൻ 150 കോടി രൂപ കൈക്കൂലി വാങ്ങിച്ച് മീൻ കടത്തുന്ന വണ്ടിയിൽ ചാവക്കാട് കൊണ്ടുവന്നുവെന്ന് പ്രസംഗിച്ചപ്പോഴും ഞാൻ അതിനോട് വളരെ പരിമിതമായ വാക്കുകൾ കൊണ്ടാണ് പ്രതികരിച്ചത്. ഇവിടെ മന്ത്രിമാർ മൂന്നുനാലുപേർ കൂട്ടംകൂടി കുറച്ച് അംഗങ്ങളുടെ പിൻബലത്തോടുകൂടി പ്രതിപക്ഷനേതാവിന്റെ പ്രസംഗം തടസപ്പെടുത്തുന്നത് ഈ സഭയുടെ ചരിത്രത്തിൽ എവിടെയെങ്കിലുമുണ്ടോ? ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇരുന്ന കസേരയാണിത്. ഞാനന്ന് ബാക്ക്

ബെഞ്ചിലിരിക്കുകയാണ്. ഞാൻ ഒരു പ്രാവശ്യം അദ്ദേഹം ഉമ്മൻചാണ്ടിയുടെ കുടുംബത്തെക്കുറിച്ച് ഒരു പരാമർശം നടത്തിയപ്പോൾ മാത്രമാണ് അദ്ദേഹത്തോട് പ്രതികരിച്ചത്. അദ്ദേഹം എന്തെല്ലാം പറഞ്ഞിട്ടുണ്ടിവിടെ. നിങ്ങൾ ഒന്ന് റെക്കോർഡ് പരിശോധിച്ചു നോക്കൂ. നമ്മൾ ഗവൺമെന്റിനെ വിമർശിക്കുക മാത്രമല്ലല്ലോ; ഞങ്ങളുടെ ജോലി അതല്ലേ; അത് ചെയ്യുമ്പോൾ ഇങ്ങനെ പറയുന്നത് എന്താണ്? ഇവിടെ ബഹുമാനപ്പെട്ട പാർലമെന്ററികാര്യ മന്ത്രി പറഞ്ഞത്, ധിക്കാരം, ധാർഷ്ട്യം, പുച്ഛം, അപഹസിക്കൽ ഇതൊക്കെയാണ് ഞാൻ ചെയ്യുന്നതെന്നാണ്. അതൊക്കെ എല്ലാവർക്കും അറിയാം; അത് എനിക്ക് ചേരുന്നതല്ല. അത് ആർക്കാണ് ചേരുന്നതെന്ന് നിങ്ങൾ തന്നെ ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ആ ചാപ്പ എന്റെ മീതെ കുത്തണ്ട; അത് അവിടെത്തന്നെ ഇരുന്നോട്ടെ. അവിടെ കുത്തിയിരിക്കുന്ന ചാപ്പ രക്ഷാപ്രവർത്തനം നടത്താൻ എന്റെയടുത്ത് വേണ്ട. പാർലമെന്ററികാര്യ മന്ത്രിയല്ല സ്പീക്കർ; അദ്ദേഹം മുൻസ്പീക്കറാണ്. അദ്ദേഹം കുറച്ചുദിവസങ്ങളായി സ്പീക്കറാകാൻ ശ്രമിക്കുകയാണ്. ആരാണ് കഴിഞ്ഞപ്രാവശ്യം സ്പീക്കർക്കെതിരെ തിരിഞ്ഞത്.... മുഴുവൻ മാധ്യമങ്ങളിലും വാർത്ത വന്നല്ലോ?

ഞാനിപ്പോഴും പറയുന്നു... അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് ആ സീറ്റിലിരുന്നുകൊണ്ട് പറയുന്ന ഏത് നിർദ്ദേശങ്ങളും പ്രതിപക്ഷം ഇവിടെ സ്വീകരിക്കും. ഞങ്ങൾക്ക് പ്രതിഷേധമുണ്ടാകുമ്പോൾ സാധാരണ പാർലമെന്ററി രീതിയിൽ ഞങ്ങളും പ്രതിഷേധിക്കും. അല്ലാതെ പാർലമെന്ററികാര്യ മന്ത്രി സ്പീക്കറായി പ്രതിപക്ഷനേതാവിനെ നിയന്ത്രിക്കാൻ വരണ്ട.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... ഹെൽത്തിയായി കാര്യങ്ങൾ മുന്നോട്ട് പോകണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അത്രേയുള്ളൂ....അത്രമാത്രമേ ഉണ്ടാവുകയുള്ളൂ എന്ന് ഞാൻ അങ്ങേയ്ക്ക് ഉറപ്പ് നൽകുന്നു. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ആ അഭിപ്രായ പ്രകടനം നടത്തേണ്ടിവന്നതിൽ ഖേദമുണ്ടെന്ന് പറഞ്ഞാണ് ഞാൻ തുടങ്ങിയത്. അദ്ദേഹം കൂടി ഇരിക്കെ പറയണമെന്നായിരുന്നു ആഗ്രഹിച്ചത്. അദ്ദേഹത്തെ ചെറുതാക്കാനോ അദ്ദേഹത്തെ അധിക്ഷേപിക്കാനോ ഒന്നും വേണ്ടിയല്ല. ഇന്നലെ അങ്ങ് പറഞ്ഞ ഒരു കാര്യം, ആരോഗ്യകരമായിട്ടുള്ള ഒരു ജനാധിപത്യത്തിൽ പരസ്പരം വഴങ്ങുകയും

സംവാദത്തിനുള്ള അന്തരീക്ഷമുണ്ടാക്കുകയും ഒക്കെ ചെയ്യുന്നതിനെക്കുറിച്ചാണ്. അക്കാര്യത്തിൽ പ്രതിപക്ഷനേതാവ് പലപ്പോഴും സ്വീകരിക്കുന്ന ഒരു സമീപനത്തെ ഞാൻ ഇവിടെ വിമർശിക്കുകയാണ് ചെയ്തത്. മോശമായിട്ടുള്ള ഒരു വാക്കും ഞാൻ പറഞ്ഞിട്ടില്ലെന്ന് അങ്ങേയ്ക്കാണല്ലോ ഏറ്റവും നന്നായി അറിയുന്നത്. പ്രതിപക്ഷമല്ലേ സഭയിൽ ഇല്ലാതിരുന്നുള്ളൂ; പക്ഷേ അങ്ങ് സഭയിൽ ഉണ്ടായിരുന്നല്ലോ; അങ്ങ് ആശങ്കപ്പെടുന്നതുപോലൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങ് അങ്ങനെ ആശങ്കപ്പെടുകയും ചെയ്യേണ്ട. ഒരു തരത്തിലും മോശമായിട്ടുള്ള ഒരു വാക്കും ഞാൻ അദ്ദേഹത്തെക്കുറിച്ച്..... അദ്ദേഹത്തെക്കുറിച്ചെന്നല്ല, ഒരാളെക്കുറിച്ചും പറയാറില്ല. അനുചിതമായ എന്തെങ്കിലും പ്രയോഗം... മോശമെന്നല്ല ഉചിതമല്ലാത്ത പ്രയോഗമുണ്ടായാൽ അത് അപ്പോൾ തന്നെ തിരുത്തുകയും ചെയ്യാറുണ്ട്. തിരുത്തുന്നതിനൊന്നും ഞങ്ങൾക്ക് വിരോധമില്ല. ഞാൻ പറഞ്ഞത് അങ്ങ് പലപ്പോഴും സ്വീകരിക്കുന്ന സമീപനം ഈ പറഞ്ഞതുപോലെയാണ്. ഇത് വളരെ ആരോഗ്യകരമായ ഒരു സംവാദത്തിന് ചേരുന്നതാണോ എന്നൊരു വിമർശനം ഞങ്ങൾ ഉന്നയിച്ചു. അങ്ങേയ്ക്ക് അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള

സ്വാതന്ത്ര്യമുണ്ട്. നിരാകരിക്കുന്നുവെങ്കിൽ എനിക്ക് അക്കാര്യത്തിൽ ഒന്നും പറയാനില്ല. ഞങ്ങൾ ഞങ്ങളുടെ ഒരു വിമർശനം മുന്നോട്ടുവച്ചുവെന്നേയുള്ളൂ. അങ്ങേയ്ക്ക് അത് പരിഗണിക്കേണ്ട യാതൊരു കാര്യവുമില്ല. എനിക്ക് ഇത്രയേ പറയാനുള്ളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ധിക്കാരം, ധാർഷ്ട്യം പരിഹസിക്കൽ, അപഹസിക്കൽ തുടങ്ങി വളരെ മോശമായ വാക്കുകളാണ് അദ്ദേഹം ഉയോഗിച്ചത്. അദ്ദേഹം നേരത്തെ ഇങ്ങനെ പറയാറില്ല. എക്സൈസ് വകുപ്പിനെതിരായുള്ള അഴിമതി ആരോപണം ഞങ്ങൾ കൊണ്ടുവന്നശേഷമാണ് അദ്ദേഹം വ്യക്തിപരമായി എന്നെ ടാർജറ്റ് ചെയ്ത് സംസാരിക്കുന്നത്. (....ബഹളം.......)

മി.സ്പീക്കർ: യെസ്.........യെസ്.......ഒരു ഡിബേറ്റിലേയ്ക്ക് പോകണ്ട.....യെസ്..യെസ്...

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം സഭയിൽ ഇല്ലാതിരുന്നതുകൊണ്ടായിരിക്കും. ഞാൻ ഇവിടെ പറഞ്ഞത്, അദ്ദേഹം ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ച് പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ

ഉദ്ധരിക്കുകയാണ് ചെയ്തത്. അത് എല്ലാവരും പരിശോധിക്കുകയും തിരുത്തുകയും ചെയ്യണമെന്നാണ് ഞാൻ പറഞ്ഞത്. അത് അദ്ദേഹത്തിനും ബാധകമാണെന്നാണ് പറഞ്ഞത്. ബാക്കി അദ്ദേഹം പറഞ്ഞ വ്യക്തിപരമായ കാര്യത്തിനൊന്നും ഞാൻ മറുപടി പറയുന്നില്ല. അത് ഈ സഭയിൽ പറഞ്ഞ കാര്യങ്ങളാണ്. അതിന് നേരത്തെ മറുപടി പറഞ്ഞതാണല്ലോ; ആ പ്രകോപനത്തിലൊന്നും ഞാൻ പോയി തലയിടാനൊന്നും ഉദ്ദേശിക്കുന്നില്ല.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, അദ്ദേഹമാണ് എന്റെ നേരെ വിരൽ ചൂണ്ടി ധിക്കാരമെന്ന് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയോട് പറഞ്ഞു. അങ്ങനെയൊരു വാക്ക് ഞാൻ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അങ്ങ് തന്നെ അത് നീക്കം ചെയ്യണം. അല്ലെങ്കിൽ അങ്ങ് പറയൂ ഞാൻ പിൻവലിച്ചുകൊള്ളാം. അങ്ങനെ ഒരു വാക്ക് ഞാൻ ഉപയോഗിച്ചിട്ടില്ല. (....ബഹളം.......) ഇനിയും വിരൽ ചൂണ്ടി മുഖത്ത് നോക്കി പറയും. (....ബഹളം.......) അതിൽ സംശയം വേണ്ട. (....ബഹളം.......)

മി.സ്പീക്കർ: പ്ലീസ്, അവിടെയിരിക്കു. Let me clear my stand. Yes, ചെയർ ക്ലീയർ ചെയ്യാം. ഏതായാലും സഭ ഇന്ന് പിരിയുകയാണ്. നമ്മൾ ഏതായാലും ഇന്ന് പിരിയുന്നതാണ്. ഒരു കാര്യം ചെയറിന് സൂചിപ്പിക്കാനുള്ളത്, Gestures from both side irritate both side അതാണ് ഇവിടത്തെ പ്രശ്നം. അതുകൊണ്ട് Gestures രണ്ടുപേരും ശ്രദ്ധിച്ചാൽ മതി.